# എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് ഏഴ്

## മനുഷ്യപുത്രനായ യേശു — മനുഷ്യനെന്ന നിലയിൽ ദുതന്മാരെക്കാൾ ശ്രേഷ്ഠൻ

നാലാമത്തെ ദൂതിൽ, ദൈവപുത്രനായ ക്രിസ്തു, ദൈവമെന്ന നിലയിൽ, ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണെന്നു നാം കണ്ടു. എബ്രായർ 1-ൽ ഇത് വെളിപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ നാം ഈ താരതമ്യത്തിന്റെ രണ്ടാം ഭാഗത്തിലേക്ക് വരുന്നു — മനുഷ്യപുത്രനായ യേശു, മനുഷ്യനെന്ന നിലയിൽ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്. എബ്രായർ 2-ൽ ഇത് അനാവരണം ചെയ്തിരിക്കുന്നു. ആദ്യം നാം ദൈവപുത്രനായ ക്രിസ്തുവിനെ ദൈവമെന്ന നിലയിൽ കണ്ടു: ഇപ്പോൾ നാം മനുഷ്യപുത്രനായ യേശുവിനെ മനുഷ്യനെന്ന നിലയിൽ കാണണം. ദൈവവും മനുഷ്യനുമെന്ന നിലയിൽ, അവൻ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്.

നമ്മുടെ അത്ഭുതവാനായ യേശുവിന് രണ്ടു പ്രകൃതങ്ങളുണ്ട്, ദിവ്യവും മാനുഷികവും. അവന് ദിവ്യത്വവും മനുഷ്യത്വവും ഉണ്ട്. അവൻ ദൈവവുമാണ്, അവൻ മനുഷ്യനുമാണ്. അവൻ ദൈവമായതിനാൽ അവൻ ദൈവപുത്രനാണ്. അവൻ മനുഷ്യനായതിനാൽ അവൻ മനുഷ്യപുത്രനാണ്. വേദപുസ്തക പ്രയോഗമനുസരിച്ച്, "മനുഷ്യൻ", "മനുഷ്യപുത്രൻ" എന്നിവ പരസ്പരം മാറ്റാവുന്ന പദങ്ങളാണ്. സങ്കീർത്തനം 8:4 ഇത് തെളിയിക്കുന്നു, "മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന്, അവൻ എന്തുമാത്രം?" ഇക്കാരണത്താൽ, മനുഷ്യപുത്രനെന്നാൽ മനുഷ്യൻ എന്നാണ് അർഥമാക്കുന്നത്. അതേ തത്ത്വത്തിൽ, ദൈവപുത്രനെന്നാൽ ദൈവം എന്നാണ് അർഥമാക്കുന്നത്. യോഹന്നാൻ 5:17-18 അനുസരിച്ച്, യേശു ദൈവപുത്രനായിരിക്കുക എന്നതിനർഥം അവൻ ദൈവമാകുന്നു എന്നാണ്. കർത്താവായ യേശു തന്നെത്തന്നെ ദൈവപുത്രൻ എന്നു വിളിച്ചത് പരീശന്മാർ കേട്ടപ്പോൾ, അവർ അവന്റെമേൽ ദൈവദൂഷണം ആരോപിച്ചു, കാരണം, അവരുടെ ധാരണയിൽ, അവൻ തന്നെത്തന്നെ ദൈവത്തോടു തുല്യനാക്കി. അങ്ങനെ, യേശു ദൈവപുത്രനാണെന്ന് പറയുന്നത് അവൻ ദൈവമാകുന്നു

എന്നാണ് അർഥമാക്കുന്നത്. ക്രിസ്തു ദൈവവും മനുഷ്യനും ആണ്. എബ്രായർ ഒന്നാം അധ്യായം അവന്റെ ദിവ്യത്വത്തെക്കുറിച്ചും രണ്ടാം അധ്യായം അവന്റെ മനുഷ്യത്വത്തെക്കുറിച്ചും വിവരിക്കുന്നു. അവന്റെ ദിവ്യത്വത്തെയും മനുഷ്യത്വത്തെയും സംബന്ധിച്ചിടത്തോളം, അവൻ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്. മനുഷ്യപുത്രനെന്ന നിലയിലും, അവൻ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്.

ദൈവം ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണെന്ന് മനസ്സിലാക്കാൻ എളുപ്പമാണെങ്കിലും മനുഷ്യനും അവരെക്കാൾ ശ്രേഷ്ഠനാണെന്നു മനസ്സിലാക്കുവാൻ നമുക്കു പ്രയാസമാണ്. നിങ്ങൾ ദൂതന്മാരെക്കാൾ താഴ്ന്നവരാണെന്ന ധാരണ ഇപ്പോഴും പിടിച്ചിരിക്കുകയാണോ? ഒരു ദൂതൻ നിങ്ങൾക്ക് പ്രത്യക്ഷപ്പെട്ടാൽ അവനെ നിങ്ങൾ ആരാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. കുറഞ്ഞപക്ഷം, നിങ്ങളുടെ ഉപബോധത്തിൽ, അവൻ നിങ്ങളെക്കാൾ ശ്രേഷ്ഠനാണെന്നു ചിന്തിച്ചുകൊണ്ട് അവനെ നോക്കും. ഈ ചിന്ത തെറ്റാണ്. ദൂതന്മാർ നിങ്ങളെക്കാൾ ശ്രേഷ്ഠന്മാരാണെന്നു നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് ദർശനത്തിന്റെ കുറവുണ്ട്. നിങ്ങൾ എബ്രായർ രണ്ടാം അധ്യായം കാണേണ്ടതുണ്ട്. ഒന്നാം അധ്യായത്തിന്റെ അവസാനംപോലും (വാക്യം 14), രക്ഷയുടെ അവകാശികളെന്ന നിലയിൽ നാം ദൂതന്മാരെക്കാൾ ശ്രേഷ്ഠരാണെന്ന് നാം കണ്ടു, കാരണം ദൂതന്മാർ നമ്മുടെ ദാസന്മാരും നാം അവരുടെ യജമാനന്മാരും ആണ്. നാം ക്രിസ്തുവിന്റെ കൂട്ടാളികളാണ്, ദൂതന്മാർ രക്ഷയുടെ അവകാശികളെ ശുശ്രൂഷിക്കുന്ന ദാസന്മാരാണ്. നാം ദൈവത്തിന്റെ ഭവനമാണ്, അതിൽ സ്വർഗീയ ഗോവണി നമ്മെ ദൈവത്തോടു ചേർക്കുകയും ദൈവത്തെ നമ്മുടെ അടുക്കലേക്ക് കൊണ്ടുവരികയും ചെയ്യുന്നു, അതേസമയം നമ്മെ സേവിക്കുമ്പോഴും, ദൂതന്മാർ ഈ ഗോവണയിൽക്കൂടി കയറുകയും ഇറങ്ങുകയും ചെയ്യുന്ന സേവകാത്മാക്കളാണ്. ഇക്കാരണത്താൽ, അവർ നമ്മെക്കാൾ വളരെ താഴ്ന്നവരാണ്. നാലാമത്തെ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, നമുക്കോരോരുത്തർക്കും ഒരു ദൂതനുണ്ടെന്ന് മത്തായി 18:10 വെളിപ്പെടുത്തുന്നു. സങ്കീർത്തനം 34:7 പറയുന്നു, "യഹോവയുടെ ദൂതൻ തന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു." സുവിശേഷം പ്രസംഗിക്കുന്നവനെ എവിടെ ബന്ധപ്പെടണമെന്നു തന്നോടു പറയുന്ന ഒരു ദൂതൻ കൊർന്നേല്യൊസിന് പ്രത്യക്ഷനായി (പ്രവൃ. 10:3). മാത്രമല്ല, പത്രൊസ് കാരാഗൃഹത്തിൽനിന്നും രക്ഷപ്പെടേണ്ടതിന് ഒരു ദൂതൻ വാതിൽ തുറന്നത് എങ്ങനെയെന്ന് പ്രവൃ. 12:7-11 നമ്മോടു പറയുന്നു. നിങ്ങളെ ശുശ്രൂഷിക്കുന്ന ദൂതന്റെ പേര് നിങ്ങൾ അറിയുന്നില്ലെങ്കിലും, നിങ്ങളുടെ പേര് അവനറിയാമെന്ന്

എനിക്കുറപ്പുണ്ട്. നമുക്കെല്ലാവർക്കും നമ്മെ നിരന്തരം ശുശ്രൂഷിക്കുന്ന ഒരു ദൂതനെങ്കിലും ഉണ്ട്. ഇത് അന്ധവിശ്വാസമല്ല; ഇതാണ് യാഥാർഥ്യം. എന്റെ അനുഭവം അനുസരിച്ച്, കഴിഞ്ഞ നാല്പതു വർഷമായി ഞാൻ സഞ്ചരിക്കുമ്പോൾ എന്റെ ദൂതൻ എന്നോടൊപ്പമിരുന്ന് പല അവസരങ്ങളിലും എന്നെ സംരക്ഷിച്ചതായി ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് എനിക്ക് സാക്ഷ്യ പ്പെടുത്തുവാൻ കഴിയും.

മനുഷ്യപുത്രനായ ക്രിസ്തു, മനുഷ്യനെന്ന നിലയിൽ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്. എബ്രായർ 2 അവനെ ഒരു വലിയ മനുഷ്യനായിട്ടല്ല, ഒരു ചെറിയ മനുഷ്യനായിട്ടാണ് സംസാരിക്കുന്നത്. എങ്കിലും ഒരു ചെറിയ മനുഷ്യനെന്ന നിലയിൽപോലും അവൻ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്. ഒരു മനുഷ്യനെന്ന നിലയിൽ ദൂതന്മാരുമായുള്ള യേശുവിന്റെ ശ്രേഷ്ഠതയെ നാം പരിഗണിക്കുന്നതിനുമുമ്പ്, അവൻ ഒരു മനുഷ്യ നായിരിക്കുന്നതിന്റെ, അതായത്, ഉല്പത്തി 1:26-28-ൽ വെളിപ്പെ ടുത്തിയിരിക്കുന്നതുപോലെ ഭൂമിയെ ഭരിക്കുവാൻ ദൈവം മനുഷ്യനെ നിയോഗിച്ചിരുന്നു എന്ന അടിസ്ഥാന ഘടകം നാം കാണേണ്ടത് ആവശ്യമാകുന്നു.

## I. വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമി

എബ്രായർ 2:5 പറയുന്നു, "എന്തെന്നാൽ നാം സംസാരിക്കുന്ന, വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമിയെ അവൻ ദൂതന്മാർക്കല്ല കീഴ്പ്പെടുത്തിയത്." വാക്യം 5-ലെ *എന്തെന്നാൽ* എന്ന പദം അതേ അധ്യായത്തിലെ മുമ്പിലത്തെ വാക്യങ്ങളുമായി ബന്ധിപ്പിക്കുന്നു. 1 മുതൽ 4 വരെയുള്ള വാക്യങ്ങൾ നമുക്കൊരു മുന്നറിയിപ്പു നൽകുന്നു, "ഇത്ര വലിയ രക്ഷയെ" അവഗണിക്കുന്നതിന് "ന്യായമായ പ്രതിഫലം" ലഭിക്കുമെന്ന് അവിടെ പറയുന്നു. കർത്താവെന്ന അത്ഭുതവാനായ വ്യക്തിയും അവന്റെ മഹത്തായ വേലയും ചേരുന്നതാണ് "ഇത്ര വലിയ രക്ഷ," ഈ രക്ഷയെ നമ്മിലാരും അവഗണിക്കുവാൻ പാടില്ല. വാക്യം 4-ലെ *രക്ഷപ്പെടും* എന്ന പദം, തത്ത്വത്തിൽ, വാക്യം 2-ൽ പരാമർശിച്ചിരിക്കുന്ന പ്രതിഫലത്തെ രക്ഷപ്പെടുന്നതാണ് അർഥമാക്കുന്നത്. "ഇത്ര വലിയ രക്ഷയെ" നാം അവഗണിക്കുകയാണെങ്കിൽ, നമുക്കൊരു പ്രതിഫലം ലഭിക്കണം എന്നത് ശരിയും ന്യായവുമാണ്. ഈ "ന്യായമായ പ്രതിഫലം" എന്തായിരിക്കും? ഇനിയുള്ള ദൂതുകളിൽ ഞങ്ങൾ ഇതിനെക്കുറിച്ച് കൂടുതൽ പറയുമെങ്കിലും, വാക്യം 5-ലെ *എന്തെന്നാൽ* എന്ന ചെറിയ പദം ശ്രദ്ധിച്ചാൽ അതിനെക്കുറിച്ച് ഇപ്പോൾ നമുക്ക് ചിലത് മനസ്സിലാക്കുവാൻ കഴിയും. *എന്തെന്നാൽ* എന്ന പദം വാക്യം 4-ൽ പറഞ്ഞിരിക്കുന്ന അവഗണിക്കുക എന്നതിലേക്ക് തിരികെ പരാമർശിക്കുന്നു. "ഇത്ര

വലിയ രക്ഷയെ" നാം അവഗണിക്കുകയാണെങ്കിൽ, നമുക്ക് ഒരു പ്രത്യേകതരം "ന്യായമായ പ്രതിഫലം" ലഭിക്കും, "എന്തെന്നാൽ നാം സംസാരിക്കുന്ന, വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമിയെ അവൻ ദൂതന്മാർക്കല്ല കീഴ്പ്പെടുത്തിയത്." അങ്ങനെ, "ന്യായമായ പ്രതിഫലം" "വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമിയുമായി" ബന്ധപ്പെട്ടിരിക്കുന്നു.

ഇത്ര വലിയ രക്ഷയെ നാം അവഗണിക്കുകയാണെങ്കിൽ, "നാം എങ്ങനെ രക്ഷപ്പെടും?" നമ്മുടെ രക്ഷ നഷ്ടമാകുമെന്നും നാം നഷ്ടപ്പെട്ടുപോകുമെന്നും ഇത് അർഥമാക്കുന്നില്ല. ഒരിക്കൽ നാം രക്ഷിക്കപ്പെട്ടാൽ, നാം എന്നേക്കും രക്ഷിക്കപ്പെട്ടവരാണ്. യോഹന്നാൻ 10:28 ഇത് നമുക്ക് ഉറപ്പിച്ചുതരുന്നു: "ഞാൻ അവയ്ക്ക് നിത്യജീവൻ നൽകുന്നു, അവ ഒരുവിധത്തിലും നശിച്ചുപോകയില്ല, എന്റെ കൈയിൽനിന്ന് ആരും അവയെ പിടിച്ചുപറിക്കുകയുമില്ല" (പ്രത്യുദ്ധാര ഭാഷ്യം). നാം കർത്താവായ യേശുവിൽ വിശ്വസിക്കുമ്പോൾ, അവൻ നമുക്ക് നിത്യജീവൻ നൽകുന്നു, നാം ഒരിക്കലും നശിച്ചുപോകുകയില്ല. കർത്താവിന്റെ വചനം എന്നേക്കും നിലനിൽക്കും, നാം നിത്യമായി രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്ന് അവന്റെ വചനം നമ്മോടു പറയുന്നു. നമുക്ക് നിത്യമായ സുരക്ഷയുണ്ട്. എങ്കിലും, രക്ഷിക്കപ്പെട്ട ഒരു വ്യക്തിക്ക് പ്രശ്നങ്ങളൊന്നും ഉണ്ടാകുകയില്ലെന്ന് ഇത് അർഥമാക്കുന്നില്ല. എബ്രായലേഖനത്തിന്റെ ഈ ഭാഗമനുസരിച്ച്, നിത്യമായ സുരക്ഷയുള്ള രക്ഷിക്കപ്പെട്ട ഒരു വ്യക്തിയ്ക്ക് "വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമിയെ" നഷ്ടപ്പെട്ടേക്കാം. "വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമി" എന്താണെന്ന് ഇനി നാം കണ്ടെത്തണം.

## A. വരുവാനുള്ള രാജ്യയുഗത്തിൽ

നിങ്ങൾ വേദപുസ്തകം മൊത്തമായി അറിയുന്നു എങ്കിൽ, "വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമി" വരുവാനുള്ള യുഗത്തിൽ ദൈവരാജ്യത്തോടുകൂടെയുള്ള ഈ ഭൂമിയായിരിക്കുമെന്ന് നിങ്ങൾ മനസ്സിലാക്കും. ക്രിസ്തുവിന് ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും കൊടുത്തിരിക്കുന്നുവെന്ന് സങ്കീർത്തനം 2:8 പറയുന്നു. വെളിപ്പാട് 11:15 പറയുന്നു, "ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു: അവൻ എന്നെന്നേക്കും വാഴും." ഭൂമിയിലെ ജാതികൾ, രാജത്വങ്ങൾ ക്രിസ്തുവിന്റെ രാജത്വമായിത്തീരുന്ന ദിവസം വരുന്നു - ഒരുപക്ഷേ അത് ഉടൻ തന്നെയായിരിക്കും. ദാനിയേൽ 2:35 അനുസരിച്ച്, കർത്താവായ യേശുവിന്റെ മടങ്ങിവരവിന്റെ സമയത്ത് ഭൂമിയിലെ രാഷ്ട്രങ്ങൾ ഇരുമ്പ്, കളിമണ്ണ്, താമ്രം, വെള്ളി, സ്വർണം എന്നിവയുടെ ഒരു ബിംബത്താൽ പ്രതിനിധീകരിക്കപ്പെട്ടിരിക്കും.

ഈ സകല മൂലകങ്ങളും ഭൗമിക രാജത്വങ്ങളെ പ്രതിനിധീകരിക്കുന്നു. പെട്ടെന്ന് "കൈ തൊടാതെ പറിഞ്ഞുവരുന്ന" (ദാനി 2:34) ഒരു കല്ല് സ്വർഗത്തിൽനിന്ന് ഇറങ്ങിവരികയും ഇരുമ്പിനെയും കളിമണ്ണിനെയും താമ്രത്തെയും വെള്ളിയെയും സ്വർണത്തെയും തകർക്കുകയും ചെയ്യും. "ബിംബത്തെ അടിച്ച കല്ല് ഒരു മഹാപർവതമായിത്തീർന്നു ഭൂമിയിലൊക്കെയും നിറഞ്ഞു" എന്ന് ദാനിയേൽ 2:35 വെളിപ്പെടുത്തുന്നു. പർവതമായിത്തീരുന്ന ഈ കല്ല് ദൈവരാജ്യമാണ്.

"കൈ തൊടാതെ പറിഞ്ഞുവന്ന" ഭൗമിക രാജത്വങ്ങളെ തകർക്കുന്ന കല്ല് ക്രിസ്തുവാണ്. ക്രിസ്തു ദൈവത്തിന്റെ കെട്ടിടത്തിനുള്ള അടിസ്ഥാനക്കല്ലും (യെശ 28:16), മൂലക്കല്ലും (മത്താ. 21:42; പ്രവൃത്തി. 4:11), ആണിക്കല്ലും (സെഖ. 4:7), ജീവനുള്ള കല്ലും (1 പത്രൊ. 2:4) മാത്രമല്ല; അവൻ അവിശ്വാസികളായ യെഹൂദന്മാർക്ക് ഇടർച്ചക്കല്ലും (മത്താ 21:44; 1 പത്രൊ. 2:8) ജാതികൾക്ക് തകർക്കുന്ന കല്ലും ആണ് (മത്താ 21:44). ഒന്നാമതായി, വിശ്വാസികൾക്ക് അവൻ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള ഒരു കല്ലാണ്. ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള കല്ലെന്ന നിലയിൽ, അവൻ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള കല്ലുകളായി നമ്മെ ഉൽപാദിപ്പിക്കുന്നതിനുള്ള അടിസ്ഥാനക്കല്ലും, മൂലക്കല്ലും, ആണിക്കല്ലും, ജീവനുള്ള കല്ലും ആണ് (1 പത്രൊ. 2:5). രണ്ടാമതായി, അവിശ്വാസികളായ യെഹൂദന്മാരോടുള്ള ബന്ധത്തിൽ, അവൻ ഒരു ഇടർച്ചക്കല്ലാണ്. അവിശ്വാസികളായ യെഹൂദന്മാർ അവനെച്ചൊല്ലി ഇടറിപ്പോയി. കർത്താവായ യേശു എപ്പോഴും എല്ലാവരോടും ദയയുള്ളവനാണെന്ന് ചിന്തിക്കരുത്. കുറഞ്ഞപക്ഷം, അവിശ്വാസികളായ യെഹൂദന്മാർക്ക്, അവൻ ഇടർച്ചക്കല്ലായിരിക്കും. മൂന്നാമതായി, വിജാതീയരായ ജാതികൾക്ക്, കർത്താവ് ഭൂമിയിലെ സകല രാജത്വങ്ങളെയും തകർക്കുവാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന തകർക്കുന്ന കല്ലായിരിക്കും (ദാനി. 2:34-35, 44). ഈ തകർക്കുന്ന കല്ല് ഒരു വലിയ പർവതമായിത്തീരും, എന്നുവച്ചാൽ കർത്താവായ യേശു സർവഭൂമിയെയും നിറയ്ക്കുന്ന രാജ്യമായിത്തീരും. സർവഭൂമിയെയും നിറയ്ക്കുന്ന മഹാപർവതമായ ഈ രാജ്യം ക്രിസ്തു തന്നെയാണ്. ആ സമയത്ത് ഭൂമി കർത്താവിന്റെ രാജ്യമായിരിക്കും. ഇതിനെയാണ് എബ്രായർ 2:5 "വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമി" എന്നു പരാമർശിക്കുന്നത്. അടുത്ത യുഗത്തിൽ കർത്താവിന്റെ രാജ്യമായിത്തീർന്നിരിക്കുന്ന ഭൂമിയെയാണ് "വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമി" സൂചിപ്പിക്കുന്നത്. ഇത് ഉടൻ സംഭവിക്കാം.

വരുവാനുള്ള യുഗത്തിലെ ഈ "വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമി" ദൂതന്മാർക്കല്ല കീഴ്പെടുത്തിയിരിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആ ഭൂമിയെ ഭരിക്കുവാൻ ദൈവം

ഒരിക്കലും ദൂതന്മാരെ നിയോഗിച്ചിട്ടില്ല. വരുന്ന യുഗത്തിൽ ഭൂമിയെ ഭരിക്കുവാൻ അവൻ മനുഷ്യനെയാണ് നിയോഗിച്ചിരിക്കുന്നത്. ഈ വസ്തുതയെ അടിസ്ഥാനമാക്കി, മനുഷ്യൻ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണെന്ന് എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ നമ്മെ കാണിക്കുന്നു. വരുവാനുള്ള യുഗത്തിൽ ഭൂമിയെ ഭരിക്കുന്നതായ ഈ വീക്ഷണത്തിൽ, മനുഷ്യൻ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്.

മനുഷ്യൻ ഭൂമിയെ ഭരിക്കണമെന്നാണ് ദൈവം തന്റെ വ്യവസ്ഥയിൽ ആരംഭം മുതൽ ഉദ്ദേശിച്ചിരുന്നത്. മനുഷ്യൻ ഭൂമിയെ ഭരിക്കണമെന്ന് ദൈവം കഴിഞ്ഞകാല നിത്യത മുതൽ തീരുമാനിച്ചു. വേദപുസ്തക മനുസരിച്ച്, മനുഷ്യൻ ഭൂമിയുടെമേൽ ദൈവത്തിന്റെ അധികാരം പ്രയോഗിക്കണമെന്ന് സൃഷ്ടിപ്പിന്റെ സമയത്തു അവൻ തീരുമാനിച്ചു. ഉൽപത്തി 1:26-28-ൽ ഇത് വ്യക്തമായി പറഞ്ഞിരിക്കുന്നു.

വേദപുസ്തകത്തിലെ മൂന്ന് അധ്യായങ്ങൾ ഒരേ ഗണത്തിൽ പെടുത്താവുന്നതാണ് — ഉൽപത്തി 1, സങ്കീർത്തനം 8, എബ്രായർ 2. ഈ അധ്യായങ്ങളെല്ലാം ഒരു മുഖ്യ കാര്യം പങ്കുവയ്ക്കുന്നു — താൻ സൃഷ്ടിച്ച ഭൂമിയെ ഭരിക്കുവാൻ ദൈവം മനുഷ്യനെ നിയോഗിച്ചിരിക്കുന്നു എന്ന്. ഭൂമിയുടെമേൽ ഭരണം നടത്തുവാൻ ദൈവം എന്തുകൊണ്ടാണ് മനുഷ്യനെ നിയോഗിച്ചത്? അത് ദൈവത്തിന് തന്റെ അധികാരം പ്രയോഗിക്കുവാൻ കഴിയുന്ന ഒരു മണ്ഡലം, ഒരു വലയം, ഒരു ആധിപത്യം ആവശ്യമാകുന്നു എന്നതിനാലാണ്. തന്റെ അധികാരം പ്രയോഗിക്കുവാൻ ഇങ്ങനെയുള്ള ഒരു ആധിപത്യം ഇല്ലാതെ, ദൈവത്തിന് തന്റെ മഹത്വം ആവിഷ്കരിക്കുവാൻ പ്രയാസമാണ്. അവന്റെ മഹത്വത്തിന്റെ ആവിഷ്കാരത്തിന് ഒരു ആധിപത്യം ആവശ്യമാണ്. ദൈവത്തിന് ഭൂമിയിൽ ഒരു അധികാരമില്ലെന്നു സങ്കല്പിക്കുക. തന്റെ മഹത്വം ആവിഷ്കരിക്കുവാൻ അവന് എങ്ങനെ വരുവാൻ കഴിയും? കർത്താവിന്റെ പ്രാർഥനയുടെ ഉപസംഹാരം നിങ്ങൾ ഓർക്കുന്നുണ്ടോ? "രാജ്യവും അധികാരവും മഹത്വവും നിന്റേതാകുന്നു" (യവനപാഠം). രാജ്യം ഉള്ളപ്പോൾ അവിടെ അധികാരവുമുണ്ട്. അപ്പോൾ ദൈവത്തിന് തന്റെ മഹത്വം ആവിഷ്കരിക്കുവാൻ കഴിയും. രാജ്യം അധികാരത്തിനു വേണ്ടിയും അധികാരം മഹത്വത്തിനുവേണ്ടിയുമാണ്. ദൈവത്തിന് രാജ്യമില്ലെങ്കിൽ, അവന്റെ അധികാരത്തിന്റെ പ്രയോഗമോ അവന്റെ മഹത്വത്തിന്റെ ആവിഷ്കാരമോ ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. കർത്താവിന്റെ പ്രാർഥന രാജ്യത്തിനുവേണ്ടിയായിരുന്നു. ആ രാജ്യത്തിൽ അധികാരത്തിന്റെ പ്രയോഗവും മഹത്വത്തിന്റെ ആവിഷ്കാരവും ഉണ്ടായിരിക്കും.

ദൈവത്തിന്റെ ഉദ്ദേശ്യം സ്ഥിരവും നിത്യവുമാണ്. ദൈവത്തിന്റെ ഉദ്ദേശ്യം നിത്യത മുതൽ നിത്യത വരെയാണ്. തന്റെ മഹത്വം ആവിഷ്കരിക്കുവാൻ കഴിയുന്ന ഒരു മണ്ഡലമെന്ന നിലയിൽ തനിക്ക് ആധിപത്യം ഉണ്ടായിരിക്കേണ്ടതിന് മനുഷ്യൻ ഭൂമിയിൽ

തന്റെ അധികാരം പ്രയോഗിക്കണമെന്ന തന്റെ ഉദ്ദേശ്യത്തിന് ദൈവം ഒരിക്കലും മാറ്റം വരുത്തിയിട്ടില്ല.

സഭാജീവിതം ഇന്ന് ഒരു ആധിപത്യമാണ്. എല്ലാ സ്ഥലം സഭകളും ദൈവത്തിന്റെ മഹത്വം ആവിഷ്കരിക്കുന്ന ഒരു ആധിപത്യമാണ്. അതുകൊണ്ടാണ് ഇന്നത്തെ സഭാജീവിതം ഒരു ചെറിയ തോതിലുള്ള രാജ്യമായിരിക്കുന്നത് (റോമ. 14:17). ഇത് പൂർണതോതിലുള്ള രാജ്യമല്ലെങ്കിലും, അതേ കാര്യങ്ങളെ അതേ തത്ത്വത്തിൽ സൂചിപ്പിക്കുന്ന, ചെറിയ തോതിലെങ്കിലുമുള്ള രാജ്യമാണ്. ശരിയായ സഭാജീവിതം തന്റെ മഹത്വം ആവിഷ്കരിക്കുന്നതിനായി തന്റെ അധികാരം പ്രയോഗിക്കുന്ന ദൈവത്തിന്റെ രാജ്യമാണ്. ഇതായിരുന്നു മനുഷ്യനെ സൃഷ്ടിച്ചതിലുള്ള അവന്റെ ഉദ്ദേശ്യം.

## B. ക്രിസ്തു ഭൂമിയെ കൈവശമാക്കുന്നതിനുവേണ്ടി

വരുവാൻപോകുന്ന രാജ്യയുഗത്തിലെ "വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമി" ക്രിസ്തു കൈവശമാക്കുവാൻ വേണ്ടിയുള്ളതായിരിക്കും. "വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമിയെ" ക്രിസ്തു തന്റെ രാജ്യത്തിനുവേണ്ടി കൈവശമാക്കും (സങ്കീ. 2:8) ദൈവത്തിന്റെ ഉദ്ദേശ്യം സാത്താന്റെ അപഹരിക്കുന്ന കയ്യിൽനിന്നും ഭൂമിയെ പ്രത്യുദ്ധരിക്കുകയും, തന്റെ മഹത്വത്തിന്റെ ആവിഷ്കാരത്തിനു വേണ്ടി ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കുകയും ചെയ്യുന്നതാണ്. ദൈവം ഇങ്ങനെയുള്ള ഒരു ഭൂമിയെ തന്റെ അവകാശമായി ക്രിസ്തുവിനു കൊടുത്തിരിക്കുന്നു. രക്ഷിക്കപ്പെട്ടവരായ നാം, അവന്റെ കൂട്ടാളികളെന്ന നിലയിൽ, "വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമി"യുടെ അവന്റെ അവകാശത്തിൽ പങ്കുചേരുമ്പോൾ, ദൈവമഹത്വത്തിന്റെ ആവിഷ്കാരത്തിനുവേണ്ടി ദൈവരാജ്യം സ്ഥാപിക്കപ്പെട്ട മഹത്വകരമായ ഭൂമിയിൽ നമുക്കൊരു പങ്ക് ഉണ്ടായിരിക്കും. ഈ ഭൂമിയെ പങ്കിടുന്നതിൽ നിന്ന് നഷ്ടമാകുന്നത് "ഇത്ര വലിയ രക്ഷയെ" അവഗണിക്കുന്നവർക്ക് ലഭിക്കുന്ന "ന്യായമായ പ്രതിഫലം" ആയിരിക്കും. ഇന്ന് "ഇത്ര വലിയ രക്ഷയെ" നാം അവഗണിക്കുന്നുവെങ്കിൽ, ഭൂമിയിൽ വരുവാൻപോകുന്ന രാജ്യം പങ്കിടുന്നത് നഷ്ടമാകുന്ന ഈ "ന്യായമായ പ്രതിഫല"ത്തിൽ നിന്നു നാം രക്ഷപ്പെടുകയില്ല.

## II. മനുഷ്യനായ യേശു

മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം മൂന്നു ഘട്ടങ്ങളിലാണ്; സൃഷ്ടിപ്പിന്റെ ഘട്ടവും, പ്രവചനത്തിന്റെ ഘട്ടവും, പൂർത്തീകരണത്തിന്റെ ഘട്ടവും. ദൈവത്തിന്റെ ഉദ്ദേശ്യത്തിലുള്ള മനുഷ്യൻ ആദാമും ക്രിസ്തുവും ആണ്. ആദാം ഒന്നാമത്തെ മനുഷ്യനായിരുന്നു, ക്രിസ്തു രണ്ടാമത്തെ മനുഷ്യനായിരുന്നു,

ഇപ്പോഴും ആയിരിക്കുന്നു (1 കൊരി. 15:45, 47). രണ്ടു മനുഷ്യരെയും സംബന്ധിച്ച് ഈ മൂന്നു ഘട്ടങ്ങളുണ്ട്. ആദ്യം നമുക്ക് സൃഷ്ടിപ്പിലെ മനുഷ്യനെ നോക്കാം.

## A. സൃഷ്ടിപ്പിലെ മനുഷ്യൻ

### *1. ദൈവത്തിന്റെ സ്വരൂപത്താൽ അവനെ ആവിഷ്കരിക്കുന്നതിന്*

സൃഷ്ടിപ്പിൽ, ദൈവം തന്റെ സ്വരൂപത്തിലൂടെ അവനെ ആവിഷ്കരിക്കുവാൻ മനുഷ്യനെ നിയോഗിച്ചു (ഉല്പ. 1:26-28). ദൈവത്തെ ആവിഷ്കരിക്കുവാൻ മനുഷ്യന് കഴിയേണ്ടതിന്, മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടു.

### *2. തന്റെ ആധിപത്യത്താൽ ദൈവത്തെ പ്രതിനിധീകരിക്കുന്നതിന്*

മനുഷ്യൻ തന്റെ ആധിപത്യത്താൽ തന്നെ പ്രതിനിധീകരിക്കണമെന്നും ദൈവം ഉദ്ദേശിച്ചു. മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം, ദൈവം തന്റെ അധികാരം മനുഷ്യനെ ഭരമേല്പിച്ചു, അതുവഴി തന്റെ പ്രതിനിധിയാകുവാൻ അവനെ അധികാരപ്പെടുത്തി. അങ്ങനെ, സൃഷ്ടിപ്പിന്റെ സമയത്ത്, മനുഷ്യൻ രണ്ടു കാര്യങ്ങൾ ചെയ്യുവാൻ നിയോഗിക്കപ്പെട്ടിരുന്നു: ദൈവത്തെ ആവിഷ്കരിക്കുവാനും അവനെ പ്രതിനിധീകരിക്കുവാനും.

### *3. ദൈവത്തെ തന്റെ ഉദ്ദേശ്യത്തിൽ പരാജയപ്പെടുത്തി*

എങ്കിലും, സൃഷ്ടിപ്പിലെ മനുഷ്യൻ ദൈവത്തെ പരാജയപ്പെടുത്തി. മനുഷ്യൻ സാത്താനാൽ വിഷലിപ്തനാക്കപ്പെടുകയും വീണുപോകുകയും ചെയ്തു. അങ്ങനെ, സൃഷ്ടിപ്പിലുള്ള മനുഷ്യന് ഹാനി വരുകയും, തന്റെ ഉദ്ദേശ്യത്തിൽ ദൈവത്തെ പരാജയപ്പെടുത്തുകയും ചെയ്തു.

നമുക്ക് ഉല്പത്തി പുസ്തകം മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ, നാം വളരെ നിരാശപ്പെട്ടുപോകുമായിരുന്നു. ഉല്പത്തി പുസ്തകത്തിൽ നിരവധി ഉൽകൃഷ്ടമായ വിവരണങ്ങൾ ഉണ്ടെങ്കിലും, യോസേഫ് മരിച്ചുവെന്നും അവനെ മിസ്രയീമിൽ ഒരു ശവപ്പെട്ടിയിൽ വച്ചുവെന്നും ആ പുസ്തകത്തിന്റെ അവസാനത്ത് നമ്മോടു പറഞ്ഞിരിക്കുന്നു (ഉല്പ. 50:26). ഉല്പത്തി പുസ്തകം ഈ രീതിയിൽ അവസാനിക്കുന്നത് എത്ര ദയനീയമാണ്! ദൈവത്തെ പ്രതിനിധീകരിച്ചവനായ യോസേഫ് മരിക്കുകയും, അവനെ ഒരു ശവപ്പെട്ടിയിൽ വയ്ക്കുകയും, മിസ്രയീമിൽ ഉപേക്ഷിക്കുകയും ചെയ്തു.

നാം മുന്നോട്ടുപോകുന്നതിനുമുമ്പ്, യാക്കോബിനെയും യോസേഫിനെയുംകുറിച്ച് ഒരു വാക്കു പറയുവാൻ ഞാൻ

ആഗ്രഹിക്കുന്നു. ദൈവത്തിന്റെ പ്രഭുവായ യിസ്രായേലായി ത്തീർന്ന യാക്കോബും യോസേഫും യഥാർഥത്തിൽ ഏക പൂർണ മനുഷ്യനായിരുന്നു. യോസേഫ് യാക്കോബിന്റെ ഒരു ഭാഗമായിരുന്നി ല്ലെങ്കിലും അവൻ യിസ്രായേലിന്റെ ഒരു ഭാഗമായിരുന്നു. യാക്കോബ് ഒരു കൗശലക്കാരൻ, ഒരു മോഷ്ടാവ് ആയിരുന്നുവെങ്കിലും അവൻ ദൈവത്തിന്റെ പ്രഭുവായ യിസ്രായേലായി രൂപാന്തരപ്പെട്ടു (ഉല്പ. 32:28; 35:10). അവന് അനുഭവവും പക്വതയും ഉണ്ടായപ്പോൾ, അവൻ തീർച്ചയായും ദൈവത്തെ അവന്റെ സ്വരൂപത്തോടെ ആവിഷ്കരിച്ചു. യാക്കോബ് ചെറുപ്പമായിരുന്നപ്പോൾ, അവൻ ഒരു കൗശലക്കാരനായിരുന്നുകൊണ്ട്, അവന്റെ സഹോദരൻ, അവന്റെ പിതാവ്, അവന്റെ അമ്മാവൻ, അവന്റെ ഭാര്യയുടെ സഹോദരന്മാർ എന്നിങ്ങനെ എല്ലാവരെയും വഞ്ചിച്ചു. എന്നാൽ ദൈവം അത്ഭുതവാനാണ്. അങ്ങനെയുള്ള കൗശലക്കാരനും വഞ്ചകനുമായ ഒരുവനെ ദൈവത്തിന്റെ പ്രഭുവാക്കി രൂപാന്തരപ്പെടുത്തുവാൻ അവൻ പ്രാപ്തനാണ്. യാക്കോബ് ഒരു വൃദ്ധനായിത്തീർന്നപ്പോൾ, വഞ്ചിക്കുന്നതോ, പോരാടുന്നതോ, കൗശലം പ്രയോഗിക്കുന്നതോ എങ്ങനെ എന്ന് അവന് അറിയില്ലായിരുന്നു. കൈകൾ നീട്ടി ജനത്തെ അനുഗ്രഹിക്കുവാൻ മാത്രമേ അവൻ അറിഞ്ഞിരുന്നുള്ളൂ. തന്റെ അടുക്കൽ വന്നവരെയൊക്കെയും യാക്കോബ് അനുഗ്രഹിച്ചു. ഫറവോനെ കാണിക്കുവാനായി യോസേഫ് തന്റെ പിതാവിനെ കൊണ്ടുചെന്നപ്പോൾ, അക്കാലത്തെ ഭൂമിയിലെ ഏറ്റവും വലിയവനായ രാജാവായിരുന്ന ഫറവോനെപ്പോലും യിസ്രായേൽ അനുഗ്രഹിച്ചു (ഉല്പ. 47:7). യിസ്രായേൽ ഫറവോനെക്കാൾ വലിയവനായിരുന്നു. അപ്പോഴേക്കും യിസ്രായേൽ പക്വത പ്രാപിക്കുകയും ദൈവത്തെ അനുഗ്രഹിക്കുന്നവനായ ദൈവമായി ആവിഷ്കരിക്കുകയും ചെയ്തു. നമ്മുടെ ദൈവം അനുഗ്രഹിക്കുന്ന ദൈവമാണ്. അങ്ങനെ, പൂർണമായും ദൈവത്തിന്റെ സ്വരൂപത്തി ലായിരുന്ന യിസ്രായേൽ, താൻ പോയിടത്തെല്ലാം അനുഗ്രഹങ്ങൾ ചൊരിഞ്ഞു. അവനെ ഫറവോന്റെ മുമ്പാകെ കൊണ്ടുവന്നപ്പോൾ അവൻ തന്റെ കൈകൾ നീട്ടി അവനെ അനുഗ്രഹിച്ചു. അത് വാസ്തവമായും ദൈവത്തിന്റെ ആവിഷ്കാരമായിരുന്നു.

യിസ്രായേൽ എന്ന പേരിൽ ദൈവത്തിന്റെ നാമം അടങ്ങിയിരിക്കുന്നു, കാരണം യിസ്രായേലിലെ അവസാനത്തെ രണ്ട് അക്ഷരങ്ങളായ *ഏൽ* എന്നതിന്റെ അർഥം ദൈവം എന്നാണ്. എങ്കിലും, യിസ്രായേലിന് തന്റെ ഭാഗങ്ങളിലൊന്നായി, വാഴുന്ന ഭാഗം, പ്രതിനിധീകരിക്കുന്ന ഭാഗമായി യോസേഫിനെ ആവശ്യമായിരുന്നു. അക്കാലത്ത് ഭൂമി മുഴുവനും ഫറവോന്റെ ഭരണത്തിൻ കീഴിലായിരുന്നില്ല; അത് യോസേഫിന്റെ ഭരണത്തിൻ കീഴിലായിരുന്നു. ഒരു വശത്ത് യിസ്രായേൽ യോസേഫിനോടുകൂടെ ദൈവത്തിന്റെ സ്വരൂപത്തോടെ ദൈവത്തെ ആവിഷ്കരിക്കുകയും

മറുവശത്ത് ദൈവത്തിന്റെ അധികാരത്തോടുകൂടെ ദൈവത്തെ പ്രതിനിധീകരിക്കുകയും ചെയ്യു. എങ്കിലും, ഉല്പത്തി പുസ്തകം അവസാനിക്കുന്നത് യോസേഫ് മരിക്കുകയും, അവനെ ശവപ്പെട്ടിയിൽ വയ്ക്കുകയും, മിസ്രയീമിൽ ഉപേക്ഷിക്കുകയും ചെയ്യു എന്നു പറഞ്ഞുകൊണ്ടാണ്. ഉല്പത്തി പുസ്തകത്തിന്റെ ഉപസംഹാരം വളരെ ദരിദ്രമാണ്.

## B. പ്രവചനത്തിലെ മനുഷ്യൻ

ഉല്പത്തി പുസ്തകത്തിന്റെ ഒടുക്കത്തെ അവസ്ഥ വളരെ ദയനീയമായിരുന്നുവെങ്കിലും, സങ്കീർത്തനം 8-ലേക്കു നാം വരുന്ന സമയത്ത് അത് വളരെ പ്രതീക്ഷ നൽകുന്നതാണ്. "നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ, മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം?" എന്നു താൻ പറഞ്ഞപ്പോൾ സങ്കീർത്തനക്കാരൻ തീർച്ചയായും പ്രചോദനം ഉൾക്കൊണ്ടിരുന്നു (വാ. 3-4). ദൈവത്തിന്റെ പ്രചോദനത്തിൻകീഴിൽ, ആദാമിൽ നഷ്ടപ്പെട്ടതിന്റെ പ്രത്യുദ്ധാരത്തെ സങ്കീർത്തനക്കാരൻ പ്രവചിച്ചു. മനുഷ്യന്റെ നഷ്ടപ്പെട്ട നിയോഗം പ്രത്യുദ്ധരിക്കപ്പെടുമെന്ന് പ്രവചിച്ചുകൊണ്ട് ഉല്പത്തി 1-ലെ വാക്കുകൾ അവൻ ആവർത്തിച്ചു. ഇക്കാരണത്താൽ, ഉല്പത്തി 1-ൽ നൽകിയിരുന്ന മനുഷ്യന്റെ നഷ്ടപ്പെട്ട നിയോഗത്തിന്റെ ഒരു പ്രത്യുദ്ധാരമാണ് സങ്കീർത്തനം 8. സൃഷ്ടിക്കപ്പെട്ട മനുഷ്യന് ഉല്പത്തി 1-ൽ ചൊരിഞ്ഞു നൽകപ്പെട്ട ദിവ്യനിയോഗം മനുഷ്യന്റെ വീഴ്ചയുടെ സമയത്ത്നഷ്ടപ്പെട്ടു. ഈ നിയോഗം പ്രത്യുദ്ധരിക്കപ്പെടുമെന്ന് സങ്കീർത്തനക്കാരൻ പ്രവചിച്ചു. നാം ഉടനെ കാണാൻപോകുന്നതുപോലെ സങ്കീർത്തനം 8-ൽ പ്രവചിച്ചിരിക്കുന്ന മനുഷ്യൻ കർത്താവായ യേശുവാണ്. ഇത് എബ്രായർ 2-ൽ ഇത് വെളിപ്പെടുത്തിയിരിക്കുന്നു.

### *1. ദൂതന്മാരെക്കാൾ അല്പംമാത്രം താണവൻ*

സങ്കീർത്തനം 8-ലെ മനുഷ്യന്റെ നഷ്ടപ്പെട്ടുപോയ നിയോഗത്തിന്റെ വീണ്ടെടുപ്പിനെ സംബന്ധിച്ചുള്ള പ്രവചനത്തിൽ, ദൈവം മനുഷ്യനെ "ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി" എന്ന് പറയുന്നു. എബ്രായർ 2:7-ൽ "ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി" എന്ന് ഉദ്ധരിച്ചിരിക്കുന്നു. ഇത് സ്ഥാനീയമായല്ല, ഭൗതികമായ സാഹചര്യമനുസരിച്ചാണ്. ഭൗതികമായി പറഞ്ഞാൽ, മനുഷ്യൻ ദൂതന്മാരെക്കാൾ താണവരോ കുറഞ്ഞവരോ ആണ്.

### *2. തേജസ്സും ബഹുമാനവും അണിഞ്ഞിരിക്കുന്നു*

എങ്കിലും, സങ്കീർത്തനം 8-ലെ പ്രവചനം പറയുന്നത്,

ദൂതന്മാരെക്കാൾ താഴ്ന്നവനായ മനുഷ്യനെ ദൈവം "തേജസ്സും ബഹുമാനവും അണിയിച്ചിരിക്കുന്നു" എന്നാണ്. മനുഷ്യനായ യേശു സ്വർഗത്തിൽ ആരോഹണം ചെയ്യുതുവരെ ഇത് ഒരു മനുഷ്യനിലും നിറവേറിയിട്ടില്ല. ഇക്കാരണത്താൽ, ഈ പ്രവചനം ഒരു മനുഷ്യനെന്ന നിലയിൽ കർത്താവിനെക്കുറിച്ചുള്ളതാണ്; അത് അവനിൽ നിറവേറിയിരിക്കുന്നു.

### *3. ദൈവത്തിന്റെ പ്രവൃത്തികളുടെമേൽ അധിപതിയാക്കി*

ദൈവം തന്റെ കൈകളുടെ പ്രവൃത്തികളിന്മേൽ മനുഷ്യന് ആധിപത്യം ഉണ്ടാകുമാറാക്കിയെന്നും സകലവും അവന്റെ കാൽക്കീഴിലാക്കിയെന്നും സങ്കീർത്തനം 8-ലെ പ്രവചനം പറയുന്നു. എബ്രായർ 2-ലെ ഉദ്ധരണിയിൽ പറയുന്നത്, ദൈവം മനുഷ്യനെ തന്റെ കൈകളുടെ പ്രവൃത്തികൾക്കു മീതെ ആക്കിവച്ചു എന്നും സകലവും അവന്റെ കാൽക്കീഴിലാക്കിയിരിക്കുന്നു എന്നുമാണ്. ഇത് വ്യക്തമായും ഉല്പത്തി 1:26-28-ൽ പറഞ്ഞിരിക്കുന്നതിന്റെ ആവർത്തനമാണ്. ഉല്പത്തി 1-ൽ മനുഷ്യനു നൽകിയതും ഉല്പത്തി 3-ൽ മനുഷ്യന്റെ വീഴ്ച മൂലം നഷ്ടപ്പെട്ടതുമായതിന്റെ പ്രത്യുദ്ധാരമെന്ന് ഇതിനെ വിളിക്കാം.

## C. പൂർത്തീകരണത്തിലെ മനുഷ്യൻ

സങ്കീർത്തനം 8-ലെ പ്രവചനത്തിന്റെ നിറവേറലാണ് എബ്രായർ 2:6-9. ഈ നിറവേറലിലുള്ള മനുഷ്യൻ യേശുവാണെന്ന് ഇത് നമ്മോടു പറയുന്നു. യേശു രണ്ടാം മനുഷ്യനാണ് (1 കൊരി. 15:47). ഒന്നാം മനുഷ്യൻ ദൈവത്തിന്റെ ഉദ്ദേശ്യത്തിൽ ദൈവത്തെ പരാജയപ്പെടുത്തിയെങ്കിലും രണ്ടാം മനുഷ്യൻ വിജയിച്ചു. ഉല്പത്തി 1-ൽ ദൈവത്തിന്റെ നിത്യോദ്ദേശ്യത്തോടുകൂടിയ ദൈവത്തിന്റെ സൃഷ്ടിപ്പിലുള്ള മനുഷ്യനാണുള്ളത്. ആ മനുഷ്യൻ ദൈവത്തെ പരാജയപ്പെടുത്തി. പിന്നീട് സങ്കീർത്തനം 8, മനുഷ്യന്റെ നഷ്ടപ്പെട്ടുപോയ നിയോഗത്തിന്റെ പ്രത്യദ്ധാരത്തെക്കുറിച്ചു സംസാരിച്ചുകൊണ്ട് മറ്റൊരു മനുഷ്യനെക്കുറിച്ചു പ്രവചിച്ചു. ഈ രണ്ടാം മനുഷ്യനെക്കൂടാതെ, നാമും മനുഷ്യനു നൽകിയ നിയോഗവും നഷ്ടമായിരിക്കുന്നു. എന്നാൽ മനുഷ്യന്റെ നഷ്ടപ്പെട്ട നിയോഗത്തെ പ്രത്യുദ്ധരിക്കുകയും ദൈവത്തിന്റെ ആദിമ ഉദ്ദേശ്യം നിറവേറ്റുകയും ചെയ്യു രണ്ടാം മനുഷ്യൻ നമുക്കുണ്ട്. ഈ രണ്ടാം മനുഷ്യനെ എബ്രായർ 2-ൽ നമുക്ക് അവതരിപ്പിച്ചിരിക്കുന്നു.

### *1. മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തപ്പെട്ടവനായി*

സങ്കീർത്തനം 8-ലെ പ്രവചനത്തിന്റെ നിറവേറലിൽ യേശു എന്ന മനുഷ്യൻ മരണം സഹിച്ചതുനിമിത്തം ദൂതന്മാരെക്കാൾ

അല്പം താഴ്ത്തപ്പെട്ടവനായി (2:9). നമ്മുടെ ശാരീരിക രൂപമനുസരിച്ച്, നാം ദൂതന്മാരെക്കാൾ താഴ്ന്നവരാണ്. ദൂതന്മാരുടെ രൂപം നമ്മുടേതിനെക്കാൾ ഏറെക്കുറെ ഉയർന്നതാണ്. യേശു ഒരു മനുഷ്യനായി വന്നപ്പോൾ, അവന്റെ ശാരീരിക രൂപം ദൂതന്മാരുടേതിനെക്കാൾ താഴ്ന്നതായിരുന്നു. മനുഷ്യന്റെ ജഡവും രക്തവും സ്വഭാവവും എടുത്തുകൊണ്ട് അവൻ ഒരു മനുഷ്യനായിത്തീർന്നു. എന്തുകൊണ്ടാണ് ദൂതന്മാരുടേതിനെക്കാൾ താഴ്ന്ന ഒരു ശാരീരിക രൂപം അവൻ എടുത്തത്? നമുക്കുവേണ്ടി മരണം സഹിക്കുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി. മരണം സഹിക്കുന്നതിനായി, അവന് ഒരു ഭൗതിക ശരീരം ആവശ്യമായിരുന്നു. അങ്ങനെയുള്ള ഒരു ഭൗതിക ശരീരം കൂടാതെ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുവാൻ അവന് വേറെ വഴിയില്ലായിരുന്നു. ഇക്കാരണത്താലായിരുന്നു അവനെ ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തിയത്.

### *2. മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിഞ്ഞു*

മരണം സഹിച്ചുകൊണ്ട് അവൻ വീണ്ടെടുപ്പ് നിവർത്തിച്ചശേഷം, യേശു തന്റെ പുനരുത്ഥാനത്തിൽ തേജസ്കരിക്കപ്പെടുകയും (ലൂക്കോസ് 24:26) തന്റെ സ്വർഗാരോഹണത്തിൽ മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയുകയും ചെയ്തു (2:9). കർത്താവായ യേശു ദൈവപുത്രനും മനുഷ്യപുത്രനുമാണെങ്കിലും, അവൻ മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിഞ്ഞു എന്ന വിഷയത്തിലേക്കു നാം വരുമ്പോൾ, അവന്റെ മനുഷ്യത്വത്തിന്, അവൻ മനുഷ്യപുത്രനായിരിക്കുന്ന കാര്യത്തിന്, നാം പ്രത്യേകമായ ശ്രദ്ധ നല്കണം. എബ്രായർ 1-ൽ, അവൻ ദൈവമാണ്; എബ്രായർ 2-ൽ, അവൻ മനുഷ്യനാണ്. നാം എബ്രായർ 1 വായിക്കുമ്പോൾ, കർത്താവിന്റെ ദിവ്യത്വത്തിന് നാം പൂർണ ശ്രദ്ധ കൊടുക്കണം. എന്നാൽ നാം എബ്രായർ 2-ലേക്കു വരുമ്പോൾ, നാം അവന്റെ മനുഷ്യത്വത്തിന് പൂർണ ശ്രദ്ധ കൊടുക്കണം. അവന്റെ മനുഷ്യത്വത്തിലാണ് അവനെ മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിഞ്ഞത്. ഒരു മനുഷ്യനെന്ന നിലയിലുള്ള അവന്റെ സ്വർഗാരോഹണത്തിൽ അവനെ ഈ രീതിയിൽ കിരീടമണിയിച്ചു.

എവിടെയാണ് യേശുവിനെ മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിഞ്ഞത്? മൂന്നാം സ്വർഗത്തിൽ. തൊഴുത്തിൽ ജനിച്ചവനും നസറെത്തിലെ ഒരു ദരിദ്ര ഭവനത്തിൽ വളർന്നവനും സൗന്ദര്യമോ അഴകോ ഇല്ലാത്തവനുമായ ആ ചെറിയ യേശുവിനെ തന്റെ സ്വർഗാരോഹണത്തിൽ മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിഞ്ഞിരിക്കുന്നു. എന്താണ് മഹത്വവും ബഹുമാനവും? മഹത്വം എന്നത് യേശുവിന്റെ വ്യക്തിയോടു ബന്ധപ്പെട്ട പ്രതാപമാണ്; ബഹുമാനം എന്നത് യേശുവിന്റെ മൂല്യത്തോട്,

അഥവാ വിലയോടു ബന്ധപ്പെട്ട അമൂല്യതയും (യവനഭാഷയിൽ 1 പത്രൊ 2:7-ലെ *വിലയേറിയത്* എന്നതിന്റെ അതേ പദമാണ് ഇവിടെ *ബഹുമാനം*), അവന്റെ പദവിയോടു ബന്ധപ്പെട്ട മാന്യതയുമാണ് (2 പത്രൊ. 1:17; റോമ. 13:7).

### *a. കർത്താവും ക്രിസ്തുവുമാക്കപ്പെട്ടു*

കർത്താവും ക്രിസ്തുവുമായിരിക്കുവാൻ യേശുവിനെ മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിഞ്ഞു (പ്രവൃ. 2:36; 10:36b). തന്റെ ജഡാവതാരത്തിനുമുമ്പ്, അവൻ കർത്താവായിരുന്നു. എങ്കിലും, ഒരു മനുഷ്യനെന്ന നിലയിൽ, അവൻ കർത്താവായിരുന്നില്ല. ഇപ്പോൾ, അവന്റെ ആരോഹണത്തിൽ, ഒരു മനുഷ്യനെന്ന നിലയിൽ, കർത്താവായിരിക്കുവാൻ അവൻ കിരീടം അണിയിച്ചിരിക്കുന്നു. ഇത് ഒരു വലിയ കാര്യമാണ്. ഒരു വശത്ത്, അവൻ ദൈവമായതുകൊണ്ട് അവൻ കർത്താവായിരുന്നു; മറുവശത്ത്, അവന്റെ മനുഷ്യത്വത്തിൽ, അവൻ എല്ലാവരുടെയും കർത്താവായിരിക്കുവാൻ കിരീടം അണിയിക്കപ്പെട്ടു. അവൻ അഭിഷിക്തനായ ക്രിസ്തുവുമാണ്. കർത്താവ് അർഥമാക്കുന്നത് അവൻ സകലത്തിന്റെയുംമേൽ ഭരണം നടത്തുന്ന കർത്താവാണെന്നും ക്രിസ്തു അർഥമാക്കുന്നത് ദൈവത്തിന്റെ പദ്ധതിക്കുവേണ്ടി സകലവും നിർവഹിക്കുവാൻ നിയമിക്കപ്പെട്ട അഭിഷിക്തനാണെന്നും ആകുന്നു. അഭിഷിക്തൻ നിയമിക്കപ്പെട്ടവനും, നിയമിക്കപ്പെട്ടവൻ ക്രിസ്തുവും സഭയും എന്ന ദൈവത്തിന്റെ സാർവത്രിക സ്ഥാപനത്തെ നടത്തുന്നവനും ആകുന്നു.

### *b. നായകനും രക്ഷകനുമായിരിക്കുവാൻ ഉയർത്തപ്പെട്ടിരിക്കുന്നു*

ക്രിസ്തുവിനെ നായകനും രക്ഷകനുമായിരിക്കുവാൻ മഹത്വീകരിച്ചിരിക്കുന്നു (പ്രവൃ. 5:31). കിംഗ് ജെയിംസ് ഭാഷ്യത്തിൽ പ്രഭു എന്നു വിവർത്തനം ചെയ്തിരിക്കുന്ന *നായകൻ* എന്നതിന്റെ യവനപദം എബ്രായർ 2: 10-ൽ "നായകൻ" എന്നു വിവർത്തനം ചെയ്തിരിക്കുന്ന അതേ യവനപദമാണ്. ഈ യവനപദത്തെ "കാരണഭൂതൻ, ഉത്ഭവകൻ, ആരംഭകൻ, വഴിയൊരുക്കുന്നവൻ" എന്നെല്ലാം വിവർത്തനം ചെയ്യാം. ഇംഗ്ലീഷിൽ ഈ പദത്തിന് തുല്യമായ ഒരു പദമില്ല. ക്രിസ്തു നമ്മുടെ നായകനാകുവാൻ തക്കവണ്ണം മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിഞ്ഞിരിക്കുന്നു. യവനപദം സൂചിപ്പിക്കുന്നതുപോലെ, അവൻ നമ്മുടെ നായകനും പ്രഭുവും മുൻഗാമിയും വഴിയൊരുക്കുന്നവനുമാണ്. തന്റെ ലക്ഷ്യസ്ഥാനത്ത് ഒന്നാമത് എത്തിച്ചേർന്നവൻ എന്ന നിലയിൽ യേശുവാണ് പോരാടുകയും നേതൃത്വമെടുക്കുകയും മുന്നോട്ടു നീങ്ങുകയും ചെയ്യുന്നവൻ. അവൻ തേജസ്സിലേക്കുള്ള വഴി ഒരുക്കി, നാം ഇപ്പോൾ അവൻ ഒരുക്കിയ വഴി

എടുക്കുന്നു. ഇക്കാരണത്താൽ, അവൻ നമ്മുടെ വീണുപോയ സ്ഥിതിയിൽനിന്നും, എല്ലാ പ്രതിലോമ കാര്യങ്ങളിൽനിന്നും നമ്മെ രക്ഷിച്ച രക്ഷിതാവു മാത്രമല്ല, പ്രത്യുത അവൻ നമ്മുടെ വഴിയൊരുക്കിയവൻ എന്ന നിലയിൽ അതേ സ്ഥിതിയിലേക്ക് നമ്മെ കൊണ്ടുവരേണ്ടതിന് തേജസ്സിലേക്കു പ്രവേശിച്ച നായകൻ കൂടിയാണ്. കർത്താവായ യേശു ഇന്ന് കർത്താവും, ക്രിസ്തുവും, നായകനും, രക്ഷിതാവുമാണ്.

എബ്രായർ ഒന്നാം അധ്യായം വെളിപ്പെടുത്തുന്നത് ക്രിസ്തു ദൈവത്തെ സംസാരിക്കുവാനും, പ്രഖ്യാപിക്കുവാനും, ആവിഷ്കരിക്കുവാനും വരുന്ന ദൈവപുത്രനാകുന്നു എന്നാണ്. അങ്ങനെയുള്ള ഒരുവനെന്ന നിലയിൽ അവൻ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്. ഇവിടെ, എബ്രായർ രണ്ടാം അധ്യായത്തിൽ, അവൻ കർത്താവും ക്രിസ്തുവും നായകനും രക്ഷിതാവുമായി രിക്കുവാൻ പോകുന്ന മനുഷ്യപുത്രനാണ്. അവൻ നമ്മുടെ കർത്താവും, ക്രിസ്തുവും, നായകനും, രക്ഷിതാവുമായിരിക്കുന്നത് മുഖ്യമായും അവന്റെ ദിവ്യത്വത്തെ അടിസ്ഥാനമാക്കിയല്ല, അവന്റെ മനുഷ്യത്വത്തെ അടിസ്ഥാനമാക്കിയാണ്. ഇത് വളരെ പ്രായോഗികമായ ഒരു കാര്യമാണ്. എന്തുകൊണ്ടാണ് യേശു നമ്മുടെ കർത്താവായിരിക്കുന്നത്? അവൻ ഒരു മനുഷ്യനായതു കൊണ്ടാണ്. എന്തുകൊണ്ടാണ് അവൻ ക്രിസ്തുവും, നായകനും, രക്ഷിതാവും ആയിരിക്കുന്നത്? അതെല്ലാം അവൻ ഒരു മനുഷ്യ നായതുകൊണ്ടാണ്. മനുഷ്യത്വം ഇല്ലാത്തവരായ ദൂതന്മാർക്ക് ഒരിക്കലും നമ്മുടെ കർത്താവും, ക്രിസ്തുവും, നായകനും, രക്ഷിതാവും ആയിരിക്കുവാൻ കഴിയില്ല. തന്റെ മനുഷ്യത്വത്തിൽ ക്രിസ്തുവിനു മാത്രമേ നമുക്കുവേണ്ടി അങ്ങനെയുള്ള ഒരുവനായിരിക്കുവാൻ കഴിയൂ. കൂടാതെ, ഈ മനുഷ്യത്വം സ്വാഭാവിക മനുഷ്യത്വമല്ല: അത് പുനരുത്ഥാനം പ്രാപിച്ചതും, ഉയർത്തപ്പെട്ടതും, ആരോഹണം ചെയ്തതുമായ മനുഷ്യത്വം, ദൈവത്തിന്റെ മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിഞ്ഞ മനുഷ്യത്വമാണ്. ഈ ആശയങ്ങൾസ്വാഭാ വികമല്ല, അവ പുതിയതും പുതുമയുള്ളതുമായതുകൊണ്ട്, നാം കൂടുതൽ കാണേണ്ടതിന് അവയിൽഗണ്യമായ സമയം ചെലവഴി ക്കേണ്ടതാവശ്യമാണ്.